# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജുകൾ - Training on e- Grantz and Scholarships ഐ.എം.ജി , കോഴിക്കോട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ- C6/ 977 /2018/കോ.വി.വ** **തീയതി - 04-07-2018**

---

പരാമർശം: -1. ഐ.എം.ജി കലണ്ടർ (STP 137)
2. ഈ കാര്യാലയത്തിലെ 28-06-2018 - ലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (2) ഉത്തരവ് പ്രകാരം 18-07-2018 - ന് കോഴിക്കോട് ഐ.എം.ജി ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തുന്ന 'Training on e - Grantz and Scholarships' എന്ന പരിശീലന പരിപാടിയിലേയ്ക്ക് ജീവനക്കാരെ നിയോഗിച്ച് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ കോഴിക്കോട് ഗവൺമെന്റ് ടീച്ചർ ട്രെയിനിംഗ് കോളേജ്, കോഴിക്കോട് ഗവൺമെന്റ് ലോ കോളേജ്, മലപ്പുറം സർക്കാർ വനിതാ കോളേജ് എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ടിരുന്നില്ല.

മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ e - Grantz കൈകാര്യം ചെയ്യുന്ന ക്ലറിക്കൽ വിഭാഗം ജീവനക്കാരെ കൂടി 18-07-2018- ന് കോഴിക്കോട് ഐ.എം.ജി സെന്ററിൽ വച്ച് നടക്കുന്ന പരിശീലന പരിപാടിയിൽ നിയോഗിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. കൂടാതെ മടപ്പള്ളി ഗവൺമെന്റ് കോളേജിലും തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിലും രണ്ടു പേർക്കുപകരം ഓരോ ജീവനക്കാരെയും പരിശീലനത്തിന് നിയോഗിയ്ക്കേണ്ടതാണെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ അറിയിയ്ക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പങ്കെടുക്കേണ്ട ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ഗവൺമെന്റ് ടീച്ചർ ട്രെയിനിംഗ് കോളേജ്, കോഴിക്കോട് | 1 |
| 2. | ഗവൺമെന്റ് ലോ കോളേജ്, കോഴിക്കോട് | 1 |
| 3. | സർക്കാർ വനിതാ കോളേജ്, മലപ്പുറം | 1 |
| 4. | ഗവൺമെന്റ് കോളേജ്, മടപ്പള്ളി | 1 |
| 5. | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി | 1 |



GOVERNMENT OF KERALA

**ാമർശം (2) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.** ഔദ്യോഗിക വെബ്സൈറ്റിൽ/ഇ - മെയിലിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് സ്ഥാപന മേധാവികൾ ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും ***18-07-2018* ബുധനാഴ്ച രാവിലെ 9.30 മണിക്ക് *കോഴിക്കോട് ഐ.എം.ജി.സെന്ററിൽ*** റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിയ്ക്കേണ്ടതുമാണ്. മുൻകൂർ അനുമതിയില്ലാതെ ട്രെയിനിംഗിൽ നിന്ന് വിട്ടു നിൽക്കുന്നത് ഗൗരവമായി കണക്കാക്കുന്നതും, അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്

പകർപ്പ്:

1. ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ഐ.എം.ജി, തിരുവനന്തപുരം
2. റീജിയണൽ ഡയറക്ടർ, ഐ.എം.ജി, കോഴിക്കോട്
3. ശ്രീ.ശിവപ്രസാദ്.ബി, (ഫോൺ നം. 9946665297) പ്രോഗ്രാം ഫെസിലിറ്റേറ്റർ, ഐ.എം.ജി.കോഴിക്കോട്
4. ശ്രീമതി. ഷെറീന.വി, സീനിയർ സൂപ്രണ്ട്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോഴിക്കോട് (കോഴ്സ് ഡയറക്ടർ)
5. സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
6. അഡീഷണൽ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്
7. ശ്രീമതി.റ്റി.പി.മഞ്ജുള, സീനിയർ എ.എ/ട്രെയിനിംഗ് മാനേജർ
8. കരുതൽ ഫയൽ /നടപ്പ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

*വി.എസ്.05.07.2018*